# പ്രത്യാശ

(റിസർവ് ബാങ്ക് (കൊച്ചി) പെൻഷനേഴ്സിനുവേണ്ടിയുള്ള ഒരു വാർത്താ ബുള്ളറ്റിൻ)

ലക്കം 22 | പ്രസിദ്ധീകരണ തിയതി 10–6–09 | പേജുകൾ 3

ആമുഖം: 1.7.09 നായിരിക്കും അടുത്ത പ്രത്യാശ തപാലാക്കുകയെന്ന് കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നെങ്കിലും 1–5–09 നു ശേഷം നടന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ ഈ ലക്കം നേരത്തേ തപാലാക്കുകയാണ്– ഇനി 10–8–09 നായിരിക്കും അടുത്ത ലക്കം –

റോൾബാക്ക് വിഷയത്തിൽ (WRIT PETITION NO. 710 OF 2009)
ബോംബേ ഹൈക്കോടതിയുടെ വിധി: (ചുരുക്കത്തിൽ)
മുഖവുരയിൽ പറയുന്ന 2 കാര്യങ്ങൾ 1) പെൻഷൻ റെഗുലേഷൻസിൽ ഭേദഗതി വേണ്ടിയിരുന്ന ഒരു കാര്യമാണ് RBI ചെയ്തതെന്ന സർക്കാറിന്റെ വാദം അസ്ഥാനത്താകുന്നു–2) RBI ആക്റ്റിലെ 7 ാം ഖണ്ഡിക പ്രകാരം ഇങ്ങിനെയൊരു ഉത്തരവ് RBI ക്ക് നൽകാൻ സർക്കാറിനു കഴിയുമോ എന്നതിൽ സംശയമുണ്ട് – എങ്കിലും ഈ വിഷയത്തിൽ ഒരു തീരുമാനത്തിന് കോടതി തുനിയുന്നില്ല–

ഓർഡർ (ചുരുക്കത്തിൽ): (1) 10–10–08 ലെ RBI സർക്കുലർ റദ്ദാക്കുന്നു (2) വെട്ടിക്കുറച്ച തുക മടക്കിനൽകാൻ RBI അഭിഭാഷകൻ ആവിശ്യപ്പെട്ടതിൻ പ്രകാരം 27–4–09 മുതൽ നാലാഴ്ച സമയം അനുവദിക്കുന്നു. (3) 4 ആഴ്ചക്കുള്ളിൽ കേന്ദ്രത്തിന് RBI Act ലെ Sec 7 പ്രകാരം ഇങ്ങിനെ ഒരു ഉത്തരവ് നൽകുവാനുള്ള അർഹതയെപ്പറ്റി പരാതിക്കാർ അവരുടെ സംഘടന വഴി കേന്ദ്രത്തിനൊരു നിവേദനം സമർപ്പിക്കുകയും അതിന്മേൽ പരാതിക്കാർക്ക് പറയാനുള്ളത് കേട്ട് കേന്ദ്രം ഒരു തീരുമാനത്തിലെത്തുകയും മറുപടിയുടെ പകർപ്പ് പരാതിക്കാർക്കും RBI ക്കും നൽകുകയും വേണം–തീരുമാനം പരാതിക്കാർക്ക് അനുകൂലമല്ലെങ്കിൽ അറിയിപ്പിനുശേഷം 8 ആഴ്ചവരെ പെൻഷൻ വെട്ടിക്കുറക്കുവാൻ പാടില്ല–

വിധിയെ തുടർന്ന് ബാങ്കിന്റെ നടപടി: 6–5–09 ന് റോൾബാക്ക് നടപടി പിൻവലിച്ചതായും കുടിശ്ശിഖ പെട്ടെന്ന് കൊടുത്തു തീർക്കത്തക്കമൊതിരി കണക്കുകൂട്ടി വയ്ക്കുവാനും സെൻട്രൽ ആഫീസ് പ്രാദേശിക ആഫീസുകളെ അറിയിച്ചു–തുടർന്ന് 20–5–09 ന് disburse ചെയ്യുവാൻ ഉത്തരവ് ലഭിച്ചു– ഇതിനിടയിൽ RBI കേന്ദ്രവുമായി ബന്ധപ്പെട്ടെന്നു കേൾക്കുന്നു– എന്തായാലും 22–05–09 ന് കുടിശ്ശിഖ അക്കൗണ്ടിൽ വരവു വയ്ക്കുകയുണ്ടായി– മുംബൈയിലെ 3 പരാതിക്കാർ കോടതി വിധി പ്രകാരം യഥാസമയം തന്നെ കേന്ദ്രത്തിന് അസ്സോസിയേഷൻ മുഖാന്തിരം നിവേദനം അയച്ചിട്ടുണ്ട്–കേന്ദ്ര സർക്കാർ വിധിക്കെതിരെ അപ്പീലൊന്നും കൊടുത്തതായി അറിവില്ല–

എഡിറ്റോറിയൽ: റോൾബാക്ക് പ്രശ്നം അങ്ങനെ പരിഹരിക്കപ്പെട്ടു– ജുഡീഷ്യൽ ആക്റ്റിവിസം, കോടതികളിലെ കേസുകളുടെ ബാഹുല്യം, കാലതാമസം എന്നിവയൊക്കെ എപ്പോഴും ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ്– ന്യായം നടപ്പാക്കാൻ ചുമതലപ്പെട്ടവർ, അല്ലെങ്കിൽ പ്രശ്നപരിഹാരത്തിന് ചുമതലപ്പെട്ടവർ പലപ്പോഴും അതു ചെയ്യാതിരിക്കുന്നത് കൊണ്ടല്ലേ കേസുകൾ പെരുകുന്നത്? റോൾബാക്ക് പ്രശ്നവും PRE 1–11–02 കാർക്ക് കിട്ടേണ്ട 37 മാസത്തെ ഡി.ആർ. കുടിശ്ശിഖ പ്രശ്നവും അത്തരത്തിൽപ്പെടുന്നു–അപ്പ്ഡേഷനെപ്പറ്റി ഏതു മഠയനും മനസ്സിലാകുന്ന രീതിയിൽ ന്യായങ്ങൾ നിരത്തിയിട്ടും അതെല്ലാം കേന്ദ്രം അവഗണിച്ചതും RBI ആക്റ്റിലെ 7–ാം ഖണ്ഡിക പ്രകാരമല്ലാത്ത ഒരു ഉത്തരവായിരുന്നിട്ടും സർക്കാർ നിർദ്ദേശം ബാങ്കധികൃതർ നടപ്പാക്കിയതും എല്ലാം അസ്ഥാനത്തായിരുന്നെന്ന് കോടതി ഉത്തരവ് തെളിയിക്കുന്നു– യുണൈറ്റഡ് ഫോറം സമരം ചെയ്തിട്ടും ബന്ധപ്പെട്ടവർ കണ്ണടച്ചു– നമ്മുടെ രാജ്യത്തെ നീതിന്യായ വ്യവസ്ഥയിൽ ജനങ്ങൾക്കുള്ള വിശ്വാസം ഒരിക്കൽകൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. മുംബൈയിലും, ചെന്നൈയിലും, ബാംഗ്ലൂരിലും കേസിന് പോയവർ നമ്മുടെയെല്ലാം അഭിനന്ദനം അർഹിക്കുന്നു–മുംബൈ ഒഴികെയുള്ള സ്ഥലങ്ങളിലെ കേസുകൾ ഇനി INFRUCTUOUS ആയി പിൻവലിക്കപ്പെടാം വെറും 6 മാസം കൊണ്ടാണ് കേസിൽ തീർപ്പായതെന്ന് ഓർക്കുമ്പോൾ സ്വർണ്ണ ലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു വിജയം ആണിത് RBREA കൊച്ചി മുൻകൈയെടുത്ത് വ്യവഹാരം നടത്തിയവർക്ക് ധനസഹായം ആവിശ്യമെങ്കിൽ അതു മുംബൈ അസ്സോസിയേഷൻ വഴി എത്തിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും കൊച്ചിയിലെ affected parties ന്റെ ധാർമിക ഉത്തരവാദിത്വമാണിത്–കോടതിയെ സമീപിക്കുന്നതിൽ അതൃപ്തി പ്രകടിപ്പിച്ചവരെല്ലാം ഇപ്പോൾ ഇളിഭ്യരായിരിക്കുകയാണ്. അന്യായമായ ഒന്നും തന്നെ നമുക്ക്

ആവിശ്യമില്ല-അർഹിക്കുന്നത് നിരസിക്കപ്പെടുമ്പോൾ ഭയപ്പെടാതെ പോരാടുകയാണ് വേണ്ടത്- അവശേഷിക്കുന്ന പ്രധാനപ്രശ്നമായ 1-11-02 മുതലുള്ള അപ്ഡേഷനു വേണ്ടിയുള്ള പോരാട്ടം ഉടൻ തുടങ്ങേണ്ടിയിരിക്കുന്നു- ഈ ആവിശ്യം ഒരു കേസിലും ഉൾപ്പെടുത്തിയിരുന്നില്ല- എങ്കിലും RBI പെൻഷൻ റെഗുലേഷൻസിൽ ഭേദഗതി വരുത്തേണ്ട ഒരു സംഗതിയല്ല അപ്ഡേഷൻ എന്ന് വിധിയുടെ മുഖവുരയിൽ കോടതി പറയുന്നുണ്ട് അതിന്റെ അർത്ഥം കേന്ദ്രത്തിന്റെ അനുമതി ആവിശ്യമില്ലന്നു തന്നെ- മുടങ്ങി കിടക്കുന്ന ഈ അപ്ഡേഷൻ നടത്തുവാൻ ഇപ്പോൾ യാതോരു തടസവും ഇല്ല- സെൻട്രൽ ബോർഡ് കമ്മിറ്റിയുടെ 23-7-03 ലേ യോഗത്തിൽ ഒരു തീരുമാനം ഇതേപ്പറ്റി എടുത്തിട്ടുമുണ്ട്- "IN THIS WAY THE PENSION IS•ALSO (TO) BE UPDATED AUTOMATICALLY WHENEVER THE PAY SCALES ARE REVISED" ഇതാണ് വാചകം- പിന്നീട് 1-2-06 ലേ യോഗത്തിൽ ഈ തീരുമാനം സർക്കാർ നിർബന്ധം മൂലം തിരുത്തിയെങ്കിലും കോടതി വിധിയുടെ വെളിച്ചത്തിൽ അതു അപ്രസക്തമാകുകയാണ്- എന്തായാലും RBI അതു സ്വമേധയ വച്ചു നീട്ടുമെന്ന് കരുതുന്നത് തെറ്റ് - എല്ലാവരും ഒത്തു ചേർന്ന് അതിനുവേണ്ടി പരിശ്രമിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ഒരു രജിസ്റ്റേർഡ് അസ്സോസിയേഷനായ RBREA KOCHI ക്ക് ഇതിൽ പ്രധാന പങ്ക് വഹിക്കാനാകും. ഏതു തരത്തിൽ എന്നത് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യമാണ്-ജൂൺ 17 ന്റെ പൊതുയോഗം അതിനൊരു വേദിയായിരിക്കട്ടേ.

<u>100% ഡി.ആർ കുടിശ്ശിഖ:</u> കഴിഞ്ഞ ലക്കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നതിനപ്പുറം ഈ കാര്യത്തിൽ പുരോഗതിയൊന്നുമില്ല.

<u>D.R. ട്രെൻഡ്:</u> ഏപ്രിൽ സൂചിക 2 പോയിന്റ് ഉയർന്നതിനാൽ ഇതു വരെ 14 സ്ലാബിന്റെ വർദ്ധനയ്ക്ക് നാം അർഹരായിട്ടുണ്ട്- മെയ്, ജൂൺ എന്നീ മാസങ്ങളിലെ സൂചിക കൂടി അറിയേണ്ടതുണ്ട്-

<u>RBI സേൻട്രൽ ബോർഡ്:</u> 14-5-09 ന് ബാംഗ്ലൂരിൽ യോഗം ചേർന്നപ്പോൾ റോൾബാക്ക് / അപ്ഡേഷൻ എന്നിവയെപ്പറ്റി ഗവർണ്ണർക്ക് ഒരു നിവേദനം സമർപ്പിക്കാൻ അവിടുത്തെ RBREA യും REROA യും അനുവാദം ചോദിച്ചെങ്കിലും അപേക്ഷ നിരസിക്കപ്പെട്ടു- മുൻകൂട്ടി തയ്യാറാക്കിയിരുന്ന നിവേദനം അംഗങ്ങൾക്ക് വിതരണം ചെയ്ത് സംഘടനകൾ തൃപ്തിപ്പേടേണ്ടതായി വന്നു-

<u>ബാങ്കിങ്ങ് മേഖലയിലെ ശമ്പള പരിഷ്ക്കരണം:</u> ഈ വിഷയത്തിൽ IBA യുടെ നിഷേധാത്മകമായ സമീപനത്തോട് പ്രതിഷേധിച്ച് ജൂൺ 12 ന് UNITED FORUM OF BANK UNIONS അഖിലേന്ത്യതലത്തിൽ പണിമുടക്കുന്നു. പെൻഷൻ ഓപ്ഷൻ, OUTSOURCING എന്നീ വിഷയങ്ങളിലാണ് ചർച്ച മുടങ്ങി കിടക്കുന്നത്-ജൂൺ 5 ന് കൺസീലിയേഷന് വിളിച്ചിരുന്നു.

<u>ഒരു റാങ്ക് ഒരു പെൻഷൻ:</u> വിമുക്ത ഭടന്മാരുടെ ഈ ആവിശ്യത്തെക്കുറിച്ച് പഠിക്കാൻ കേന്ദ്രം ഒരു ആറംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്- ക്യാബിനറ്റ് സെക്രട്ടറി ശ്രീ. കെ. എം. ചന്ദ്രശേഖർ ആണ് അദ്ധ്യക്ഷൻ - ആറാം ശമ്പള കമ്മീഷൻ മുമ്പാകെയും ഈ ആവിശ്യം ഉന്നയിക്കപ്പെട്ടിരുന്നെങ്കിലും അംഗീകരിക്കാനാവില്ലെന്നായിരുന്നു ഇതുവരെ സർക്കാർ നിലപാട്

<u>MAF</u> പദ്ധതിയിൽ റീ ഇംബഴ്സ്മന്റ് അപേക്ഷ സമർപ്പിക്കുന്നതിന് TTK യുടെ മൂന്നു ഫാറങ്ങളാണ് ആവശ്യം- (ക്യാഷ് ലെസ്സിനുള്ള മറ്റൊരു ഫാറം ആസ്പത്രികളിൽ തന്നെയുണ്ട്-) ഈ ഫാറങ്ങൾ ആവശ്യമുള്ളവർ "പ്രത്യാശ"യ്ക്ക് ഫോൺ ചെയ്താൽ പോസ്റ്റേജ് ഉൾപ്പെടെ 12 ക. അവരുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്ത് ഫാറങ്ങൾ അയച്ചു തരുന്നതാണ് - TTK ആഫീസിൽ നേരിട്ടു പോകുന്നവർ അവർക്ക് ശനിയും ഞായറും അവധിയാണെന്നും മറ്റ് 5 ദിവസങ്ങളിൽ 8.30-6.00 pm പ്രവൃതി സമയമാണെന്നും ഓർക്കുക. - അവരുടെ കൗണ്ടറിൽ ഫാറങ്ങൾ യഥേഷ്ടം ലഭിയ്ക്കുന്നുണ്ട്. എം ജി റോഡിൽ രവി പുരത്ത് ദീപാ ബസ്സ്റ്റോപ്പിന്റെ സമീപമാണ് TTK ആഫീസ്.

<u>ANNUAL HEALTH CHECKUP AMOUNT:</u> എല്ലാ വർഷവും ജൂലൈയിൽ കിട്ടുന്ന ഈ തുക ഇരട്ടിപ്പിച്ചതായി മുംബൈ വാർത്തയുണ്ട്.

<u>പ്ലാറ്റിനം ജൂബിലി:</u> 2009 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേയ്ക്ക് RBI പ്ലാറ്റിനം ജൂബിലി കൊണ്ടാടുകയാണ്- 1934 മാർച്ചിൽ പാസ്സാക്കിയ RBI ACT പ്രകാരം 1935 ഏപ്രിൽ 1 നാണ് ബാങ്കിന്റെ ജനനം- Sir Osborne Smith ആയിരുന്നു ആദ്യത്തെ ഗവർണ്ണർ- ഷെയർ ഹോൾഡേർസ് ബാങ്കായി തുടങ്ങിയ RBI 1949 ൽ ദേശസാൽക്കരിച്ചു- അതേ വർഷം തന്നെ ബാങ്കിങ്ങ്

റേഗുലേഷൻസ്സ് ആക്റ്റും പാസ്സാക്കി- പല ഗവർണ്ണർമാർക്കിടയിൽ RBI യ്ക്ക് Bankers Bank എന്ന ബഹുമതിയും എപ്ലസ് പദവിയും നിലനിർത്തണമെന്ന നിർബന്ധമുള്ള ഗവർണ്ണർ ശ്രീ. സി ഡി ദേശ്മുഖും പെൻഷൻ പദ്ധതി തുടങ്ങിവെച്ച ശ്രീ R. N. Malhotra യും പെൻഷൻ പുനപരിഷ്ക്കരിച്ച ശ്രീ ബിമൽ ജലാനും നമ്മുടെ ഓർമ്മയിൽ തിളങ്ങി നിൽക്കുന്നു- 50 വർഷം പൂർത്തിയാക്കി സുവർണ്ണ ജൂബിലി കൊണ്ടാടിയപ്പോൾ വേണ്ട വിധം ജീവനക്കാർക്ക് പരിഗണന ലഭിചില്ലെന്ന പരാതി ഉയർന്നിരുന്നു- 1-4-09 വീഡിയോ കോൺഫറൻസ്സ് വഴി പ്ലാറ്റിനം ജൂബിലി വർഷം ഉദ്ഘാടനം ചെയ്തുകൊണ്ട് ഇപ്പോഴത്തെ ഗവർണ്ണർ Dr. D. Subba Rao ജീവനക്കാരെ അഭിസംബോധന ചെയ്തപ്പോൾ ബാങ്കിന്റെ അസൂയാവഹമായ ഇന്നത്തേ പദവിയ്ക്ക് എല്ലാ മുൻ ഗവർണ്ണർമാർ, Dy ഗവർണ്ണർമാർ, മുൻ സെൻട്രൽ ബോർഡ് അംഗങ്ങൾ, എല്ലാ മുൻ ജീവനക്കാർ എന്നിവർ അവരവരുടേതായ പങ്ക് വഹിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുകയുണ്ടായി- പ്ലാറ്റിനം ജൂബിലി എങ്ങനെ കൊണ്ടാടുന്നു എന്നു കാത്തിരുന്നു കാണാം.-

<u>മുതിർന്ന പൗരന് ഇപ്പോഴും രക്ഷയില്ല</u> Maintenance & Welfare of Parents and Senior Citizens Act 2007 കേന്ദ്ര സർക്കാർ പാസ്സാക്കിയ വിവരം മുൻ ലക്കങ്ങളിൽ "പ്രത്യാശ" റിപ്പോർട്ട് ചെയ്തിരുന്നു- ഈ നിയമം സംസ്ഥാനങ്ങളിൽ പ്രാബല്യത്തിൽ വരണമെങ്കിൽ അതാതു സംസ്ഥാനതിന്റെ ഗസറ്റിൽ പരസ്യപ്പെടുത്തണം കൂടാതെ റൂൾസ്സ് പരസ്യപ്പെടുത്തി നിയമ സഭയിൽ അവതരിപ്പിയ്ക്കുകയും വേണം. കേന്ദ്ര നിയയമം പാസ്സാക്കി 15 മാസം കഴിഞ്ഞെങ്കിലും കേരളത്തിൽ തുടർ നടപടികളൊന്നും എടുത്തിട്ടില്ല. അച്ഛനമ്മാമാരെ അവഗണിയ്ക്കുന്ന പല മക്കളേയും ഈ നിയമ പ്രകാരം ശിക്ഷിക്കാമെന്നുള്ളതു കൊണ്ട് ഇതു കേരളത്തിൽ പ്രാബല്യത്തിൽ വരുത്താത്തത് സ്വന്തം കാലിൽ നിൽക്കാൻ ശേഷിയില്ലത്ത ഇവിടുത്തെ പല പാവപ്പെട്ട വൃദ്ധ ജനങ്ങളോട് കാട്ടുന്ന അനീതിയാണ്- 4000 അംഗബലമുള്ള എറണാകുളം കരയോഗത്തിന്റെ സൗജന്യ നിയമ സഹായ വേദിയിൽ "പ്രത്യാശ" അന്വേഷിചപ്പോഴാണ് ഈ വിവരം അറിയാനിടയായത്.- ഈ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നും അവർ അറിയിച്ചിട്ടുണ്ട്.- തുടർന്ന് മാതൃഭൂമിയും ഇതേപ്പറ്റി എഡിറ്റോറിയൽ എഴുതിയിരുന്നു

<u>ഇന്നത്തെ വിവാഹ വേദികൾ:</u> മെയ് മാസത്തിൽ 2 വിവാഹ ക്ഷണക്കത്തുകൾ ലഭിചു- പോകാം എന്നു നിശ്ചയിച്ചു- പിന്നീട് ദുഃഖിക്കുകയും ചെയ്തു- രണ്ടും ഭേദപ്പെട്ട ആഡിറ്റോറിയങ്ങൾ- താലികെട്ടു കാണാൻ വിശാലമായ ഹാളും ബാൽക്കണിയും- തുടർന്ന് ഭക്ഷണം വിളമ്പാൻ പരിമിതമായ സൗകര്യം - ആദ്യത്തെ രണ്ടു പന്തിയിലും ഇടികൊണ്ട് ഹാളിൽ കയറിയപ്പോൾ പിൻ വാതിലിൽക്കൂടി വന്നവർ സീറ്റെല്ലാം കയ്യടക്കിയിരിക്കുന്നു- ദുഃഖവും നിരാശയും കോപവും എല്ലാം കലർന്ന ഒരുതരം മാനസികാവസ്ഥ.- ഇനി ഒരിടിയ്ക്കുകൂടി ശേഷിയില്ല. മുതിർന്ന പൗരനെന്ന പറഞ്ഞ് സീറ്റു വാങ്ങാൻ വകുപ്പുമില്ല- ആതിഥേയരുടെ പൊടിപോലും കാണാനില്ല -അവർ ഫോട്ടോയ്ക്ക് പോസ്സു ചെയ്യുകയും VIP കളെ സൽക്കരിക്കുകയുമാണ്- ഹാജർ ബുക്കമില്ല. - മണി ഒന്നര- എല്ലാത്തിനുമില്ലേ ഒരതിര് വരുന്നതു വരട്ടേ എന്ന ധൈര്യത്തിൽ രണ്ടിടത്തും തൊട്ടടുത്ത ഹോട്ടലിൽ കയറി 30 രൂപയ്ക്ക് ഊണ കഴിച്ച് വീട്ടിലേയ്ക്കു മടങ്ങി-

അവനവന്റെ പ്രൗഢി കാട്ടാൻ സ്വർണ്ണ ലിപികളിൽ ആയിരക്കണക്കിന് ക്ഷണക്കത്തുകളടിച്ച് വിതരണം ചെയ്യുന്നവർ ഒരു കാര്യം ഓർക്കണം- ഇത്രയും പേരെ ക്ഷണിച്ചു വരുത്തേണ്ടതുണ്ടോ..? സൗകര്യത്തോടെ വിവാഹത്തിൽ പങ്കുകൊണ്ട് സാവധാനം ഭക്ഷണം കഴിച്ച് വധൂവരന്മാരെ അനുഗ്രഹിച്ച് നെറ്റിയിൽ കളഭം ചാർത്തി പനിനീർ ഷവറിന്റെ കുളിർമ്മയും പേറി ഒരു പൂചെണ്ടും ചെറുനാരങ്ങയുമായി സംതൃപ്തിയോടെ മടങ്ങുന്ന ഒന്നായിരുന്നു നമ്മുടെ വിവാഹ വേദികൾ- ആ വേദികൾ വെറുമൊരു മൂന്നാംകിട സിനിമാ ശാലയിലെ മോഹൻലാൽ പടത്തിന്റെ ആദ്യ ദിവസത്തെ ഇടിയെ വെല്ലുന്ന വേദികളാക്കി മാറ്റുന്നത് കഷ്ടം തന്നെ - കാലമെത്ര മാറിയിരിക്കുന്നു- ഈ അനുഭവം പ്രത്യാശ വായിക്കുന്ന 60 പേരുടെ എങ്കിലും കണ്ണു തുറപ്പിക്കട്ടേ- എഡിറ്റർ .

<u>സംഭാവനകൾ:</u>ശ്രീ കെ ജോർജ്ജ് 200 ക , ശ്രീ C.P.V. Menon 100 ക, മൊത്തം 300 ക. + മുൻ ബാലൻസ്സ് 4698 = 4998 Less ഈ ലക്കം ചിലവ് 731 ക = നീക്കിയിരിപ്പ് 4267 ക.

---

Edited by K.G.K. Pillai, C2, Elders Village, Chottanikkara P.O., Pin 682312. Ph: 0484-2713414

---

The views expressed herein are those of the editor and not those of the RBREA, Kochi.